## പത്രക്കുറിപ്പ്

# സിറ്റി പോലീസിന്റെ സൈബർ കുറ്റകൃത്യങ്ങൾ തടയാനുള്ള ബോധവൽക്കരണത്തിന് തുടക്കമായി

# സൈബർ തട്ടിപ്പുകൾ തടയാൻ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം: കമ്മീഷണർ

## യാത്രക്കാരനെ ആക്രമിച്ച് മൊബൈൽ ഫോണും പണവും കവർച്ച ചെയ്ത രണ്ടുപേർ പിടിയിൽ

## വീട്ടിൽ അതിക്രമിച്ച് കയറി ആക്രമണം നടത്തിയ കേസ്സിൽ ഒരാൾ അറസ്റ്റിൽ

തിരുവനന്തപുരം:- സമീപകാലത്ത് ഓൺലൈൻ പണം തട്ടിപ്പും മറ്റു സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സൈബർ ഇടങ്ങളിലെ ചതിക്കുഴികളിൽപ്പെട്ട് വഞ്ചിതരാകാതിരിക്കാൻ പൊതുജനങ്ങൾ അതീവ ജാഗ്രത പുലർത്തണമെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. വിവിധ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സിറ്റി പോലീസ് സംഘടിപ്പിക്കുന്ന സൈബർ ക്രൈം ബോധവൽക്കരണ മാസാചരണത്തിന് തുടക്കമായതായും കമ്മീഷണർ അറിയിച്ചു.

സൈബർ സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ ആർക്കും ഷെയർ ചെയ്യാൻ പാടില്ലാത്ത ഒ.റ്റി.പി., സി.വി.വി പോലുള്ള അതീവ സെക്യൂരിറ്റി കോഡുകൾ പോലും തട്ടിപ്പുകാർ കൈവശമാക്കുന്നത് നമ്മുടെ അറിവില്ലായ്മയും അശ്രദ്ധയും കൊണ്ടു മാത്രമാണ്. ആയതിനാൽ സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ മനസ്സിലാക്കുന്നതിനും അത് എങ്ങനെ ഒഴിവാക്കാം

എന്നുള്ള കാര്യങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ആഗസ്റ്റ് മാസം സൈബർ ക്രൈം ബോധവൽക്കരണ മാസമായി ആചരിക്കുന്നതിന്റെ ഭാഗമായി സിറ്റി സൈബർ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രചരണപരിപാടിയുടെ ഭാഗമായി വിവിധ സൈബർ ക്രൈമുകളുടെ രീതികളും അതിൽ നിന്നും ഒഴിവാകുവാൻ ശ്രദ്ധിക്കേണ്ട സുരക്ഷാ മുൻകരുതലുകളെപ്പറ്റിയും ചുവടെ ചേർക്കുന്നു.

## I. ഫിഷിംഗ്

തട്ടിപ്പുകാർ, കാഴ്ചയിൽ ഒറിജിനലിനെ പോലെ തോന്നുന്ന വെബ്സൈറ്റ് നിർമ്മിച്ച് സെർച്ച് എൻജിനുകളിൽ തെരയുമ്പോൾ ആദ്യം കാണുന്ന രീതിയിൽ സജ്ജീകരിക്കുന്നു. ഇത്തരം സൈറ്റുകളുടെ ലിങ്കുകൾ എസ്.എം.എസ് (SMS)/ സോഷ്യൽ മീഡിയ/ഇ–മെയിൽ/മെസഞ്ചർ തുടങ്ങിയവ വഴി പ്രചരിപ്പിക്കുന്നു. ഒറ്റ നോട്ടത്തിൽ സംശയിക്കപ്പെടാൻ സാധ്യത ഇല്ലാത്ത ഇത്തരം സൈറ്റുകളിൽ ഉപയോക്താക്കൾ യൂസർനെയിം, പാസ്സ്‌വേർഡ് തുടങ്ങിയവ നൽകുന്നതിലൂടെ തട്ടിപ്പുകാർ അവ കൈവശപ്പെടുത്തി പണം തട്ടിയെടുക്കുകയാണ് പതിവ്.

### ഇതിൽ പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതൽ

1. അപരിചിത മൊബൈൽ നമ്പറുകളിൽ നിന്നോ, SMS/ഇ–മെയിൽ മുഖാന്തിരമോ ലഭിക്കുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കുക.
2. ധനകാര്യ ഇടപാടുകൾ ഓൺലൈൻ ആയി നടത്തുന്നതിനു മുൻപ് ആയതിന്റെ വിശ്വാസ്യത ഉറപ്പുവരുത്തുക.

3. വിവിധ ഷോപ്പിംഗ് സൈറ്റുകളുടെ ഓഫർ വിൽപ്പനയുടെ പേരിൽ വരുന്ന മെസ്സേജ്ജുകളിലെ ലിങ്കുകളിൽ ഒരിക്കലും ക്ലിക്ക് ചെയ്യാതിരിക്കുക എന്നിവയാണെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## II. വിഷിംഗ് കാളുകൾ

ബാങ്കുകൾ/കമ്പനികൾ/ഇൻഷുറൻസ് ഏജന്റുമാർ/ ഗവൺമെന്റ് ഓഫീസർ എന്നിങ്ങനെ സ്വയം പരിചയപ്പെടുത്തി കസ്റ്റമർ സേവനങ്ങൾക്കായെന്ന വ്യാജേന ഫോൺകാളുകൾ വഴി ഉപഭോക്താവിനെക്കുറിച്ചുള്ള ചില വിവരങ്ങൾ പറഞ്ഞ് വിശ്വസിപ്പിച്ച്, അവർക്ക് ആവശ്യമുള്ള രഹസ്യവിവരങ്ങൾ നമ്മളിൽ നിന്നുതന്നെ കരസ്ഥമാക്കി അക്കൗണ്ടിലെ പണം അപഹരിക്കുന്നു. ചില തട്ടിപ്പുകാർ ആളുകളെ ഭീഷണിപ്പെടുത്തിയും, സമ്മർദ്ദം ചെലുത്തിയും, പ്രേരിപ്പിച്ചും കാർഡുകൾ ബ്ലോക്ക് ചെയ്യുമെന്നും, ട്രാൻസാക്ഷൻ തടസ്സപ്പെടുമെന്നും, അധിക പെനാൽറ്റി നൽകേണ്ടിവരുമെന്നും, ഡിസ്കൗണ്ടുകൾ ലഭിക്കും എന്നുമൊക്കെ പറഞ്ഞു നമ്മുടെ രഹസ്യക്കോഡുകളും മറ്റ് വിവരങ്ങളും ശേഖരിക്കുയും അവ ഉപയോഗിച്ച് പണം തട്ടിക്കുകയും ചെയ്യുന്നു.

### സ്വീകരിക്കേണ്ട മുൻകരുതൽ –

1. ബാങ്കുകൾ / ധനകാര്യ സ്ഥാപനങ്ങൾ / മറ്റ് ആധികാരിക സംരഭങ്ങൾ തുടങ്ങിയവ യാതൊരു കാരണവശാലും യൂസർനെയിം/ഒ.റ്റി.പി./പാസ്സ്‌വേർഡ്/കാർഡ് വിവരങ്ങൾ/സി.വി.വി തുടങ്ങിയവ ചോദിക്കാറില്ല ആയതിനാൽ ഇവ ആരുമായും ഫോൺമുഖാന്തിരം പങ്കിടാതിരിക്കുക.
2. ഇത്തരത്തിലുള്ള സേവനങ്ങൾ ആവശ്യമുള്ള പക്ഷം നേരിട്ട് ബാങ്കിൽ പോയി പരിഹരിക്കേണ്ടതാണ്.

## III. ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ

ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ നിങ്ങൾ വിൽപ്പനയ്ക്കായി നൽകിയിരിക്കുന്ന സാധനങ്ങൾ വാങ്ങാനെന്ന വ്യാജേന നിങ്ങളെ ആളുകൾ സമീപിക്കുന്നു. തുടർന്ന് നിങ്ങൾ വിലപേശിയുറപ്പിക്കുന്ന വില യു.പി.ഐ. ആപ്പുകളിലൂടെ നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിക്കുകയും കൊറിയറായി അയക്കാനാവശ്യമുള്ള തുകയടക്കം മെസേജായി / ക്യൂ.ആർ കോഡ് വരുകയും ചെയ്യുന്നു. തുടർന്ന് നിങ്ങളോട് പിൻ നല്കി അപ്രൂവ് ചെയ്യാൻ പ്രേരിപ്പിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ പണം ലഭിക്കുന്നതിനുപകരം നിങ്ങളുടെ പണം നഷ്ടപ്പെടുന്നു.

### സ്വീകരിക്കേണ്ട മുൻകരുതൽ –

1. നിങ്ങളുടെ പിൻ നമ്പർ നൽകാൻ ഉള്ള റിക്വസ്റ്റ് വന്ന് നിങ്ങൾ ചെയ്താൽ അത്രയും തുക നിങ്ങൾക്ക് നഷ്ടപ്പെടും ഓർക്കുക.
2. പണം ലഭിക്കുന്നതിനായി നിങ്ങൾ ഒന്നും തന്നെ ചെയ്യേണ്ട ആവശ്യമില്ല. ഇത്തരക്കാർ അയക്കുന്ന റിക്വസ്റ്റ് സ്വീകരിക്കാതെ ബാലൻസ് /ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രം പരിശോധിക്കുക.

## IV. അപരിചിത ആപ്പുകളിലൂടെയുള്ള തട്ടിപ്പ്

അപരിചിത/വെരിഫൈ ചെയ്യാത്ത ആപ്ളിക്കേഷൻ ഉപയോഗിക്കുന്നതിലൂടെ തട്ടിപ്പുകാർക്ക് നമ്മുടെ മൊബൈൽ, ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ് തുടങ്ങിയവ ഉപയോഗിക്കാനുള്ള അവസരം നമ്മൾ തന്നെ നൽകുകയാണ് ചെയ്യുന്നത്. സാധാരണയായി ഇത്തരം ആപ്ളിക്കേഷനുകളുടെ ലിങ്കുകൾ നമ്മിലേയ്ക്ക് എസ്.എം.എസ് (SMS)/ സോഷ്യൽമീഡിയ/ഇൻസ്റ്റന്റ് മെസഞ്ചർ തുടങ്ങിയവ വഴി

എത്തുന്നു. മാസ്ക് ചെയ്ത് വച്ചിരിക്കുന്ന ഇത്തരം ലിങ്കുകൾ വേർതിരിച്ച് അറിയാൻ സാധിക്കാനാവാത്ത വിധം പരിചിതമായ പേരുകളിൽ ആയിരിക്കും കാണപ്പെടുക. ഒരിക്കൽ ഡൌൺലോഡ് ആകുന്നതോടെ ഇവ രൂപം നൽകിയ തട്ടിപ്പുകാർക്ക് നമ്മുടെ ഉപകരണങ്ങളിലുള്ള വിവരങ്ങൾ നൽകുകയും അവർക്ക് നമ്മുടെ ഉപകരണത്തിന്റെ നിയന്ത്രണം ലഭ്യമാകുകയും ചെയ്യും.

**സ്വീകരിക്കേണ്ട മുൻകരുതൽ –**

1. അപരിചിത സ്രോതസ്സുകൾ ഡൌൺലോഡുകൾക്കായി ഉപയോഗിക്കാതിരിക്കുക.
2. ഗൂഗിൾ പ്ലേ, ആപ്പ് സ്റ്റോർ തുടങ്ങിയ അംഗീകരിക്കപ്പെട്ട പ്ലാറ്റ്ഫോമുകളിൽ നിന്നും മാത്രം ആപ്ലിക്കേഷനുകൾ ഡൌൺലോഡ് ചെയ്യുക.

## V. എ.റ്റി. എം. കാർഡ് സ്കിമ്മിംഗ്

നാം മിക്കപ്പോഴും പണമിടപാടുകൾക്കായി ബാങ്ക് കാർഡുകൾ ഉപയോഗിച്ചു വരുന്നു. പല എ.റ്റി. എം. കളിലും പണം എടുക്കാനായി നാം പോകാറുമുണ്ട്. തട്ടിപ്പുകാർ കാർഡ് ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ സ്കിമ്മിംഗ് ഡിവൈസ് ഉപയോഗിച്ച് നമ്മുടെ വിവരങ്ങൾ ശേഖരിക്കുകയും ഡമ്മി കീപാഡുകളോ, ഒളി ക്യാമറയുടെ സഹായത്താലോ നമ്മുടെ പിൻ വിവരങ്ങൾ മനസ്സിലാക്കുന്നു. ചിലപ്പോൾ നമ്മെ എ.റ്റി. എം. കളിൽ സഹായിക്കാനായി വരുന്ന ആളിന്റെ രൂപത്തിൽ വരുന്നത് തട്ടിപ്പുകാരുടെ പങ്കാളിയാകാനും സാധ്യതയുണ്ട്. ഇവർ പിൻ മനസ്സിലാക്കുകയും പിന്നീട് ഈ വിവരങ്ങൾ ഉപയോഗിച്ച് ഡ്യൂപ്ലിക്കേറ്റ് കാർഡ് നിർമിച്ച് യഥാർത്ഥമായ പോലെ പിൻ നല്കി പണം പിൻവലിക്കുന്നു.

## സ്വീകരിക്കേണ്ട മുൻകരുതൽ –

1. എ.റ്റി.എം. സന്ദർശിക്കുമ്പോൾ കാർഡ് സ്വൈപ്പ് ചെയ്യുന്ന സ്ലോട്ടുകളിൽ അസാധാരണമായി അധിക ഉപകരണങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക.
2. പിൻ ടൈപ്പ് ചെയ്യുമ്പോൾ മറ്റാരും കാണാത്ത വിധം കൈ കൊണ്ട് മറച്ചു പിടിക്കുക.
3. സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ പമ്പുകൾ തുടങ്ങി നാം കാർഡ് ഉപയോഗിക്കുന്ന എല്ലാ സ്ഥലങ്ങളിലും നമ്മുടെ മുന്നിൽ വെച്ചു മാത്രം കാർഡ് സ്വൈപ്പ് ചെയ്യാൻ പറയുക. പിൻ നമ്പർ കഴിവതും മറ്റാരും കാണാതെ നൽകുവാൻ ശ്രദ്ധിക്കുക.

മേൽ പറഞ്ഞ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 359 പരാതികൾ കഴിഞ്ഞ 6 മാസത്തിനിടയ്ക്ക് തിരുവനന്തപുരം സിറ്റി സൈബർസെല്ലിൽ മാത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഓൺലൈൻ ഇടപാടുകൾ നടത്തുമ്പോഴും, സോഷ്യൽ മീഡിയ സൈറ്റുകൾ ഉപയോഗിക്കുമ്പോഴും മറ്റ് ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗിക്കുമ്പോഴും മേൽപ്പറഞ്ഞ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും സൈബർ ക്രൈമുകളുടെ ഇരയാകാതിരിക്കുന്നതിന് ജാഗ്രത പാലിക്കേണ്ടതുമാണ്. സൈബർ ക്രൈം ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായി മറ്റ് സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് വരും ദിവസങ്ങളിലും തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

# യാത്രക്കാരനെ ആക്രമിച്ച് മൊബൈൽ ഫോണും പണവും കവർച്ച ചെയ്ത രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം:- പഴവങ്ങാടിയ്ക്ക് സമീപം വഴിയാത്രക്കാരനെ ആക്രമിച്ച് മൊബൈൽ ഫോണും പണവും പിടിച്ചുപറിച്ചെടുത്ത കേസ്സിൽ രണ്ട് പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തമ്പാനൂർ രാജാജി നഗറിൽ ശരവണൻ (38), നേമം ഇടവക്കോട് സ്വദേശി വിഷ്ണു (29) എന്നിവരെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്.

വ്യാഴാഴ്ച രാത്രി 7.30-നാണ് സംഭവം നടന്നത്. ചാലയിലെ ഒരു ഹോട്ടലിൽ നിന്നും ഇറങ്ങി വരികയായിരുന്ന അമ്പലത്തറ സ്വദേശി സുബാഷിനെ പിൻതുടർന്ന് വന്ന പ്രതികൾ പഴവങ്ങാടിയ്ക്ക് സമീപം വച്ച് ആക്രമിക്കുകയും വിലപിടിപ്പുള്ള മൊബൈൽ ഫോണും 19,000/- രൂപ അടങ്ങിയ പഴ്സും തട്ടിയെടുത്ത് കടന്നുകളയുകയായിരുന്നു. ഫോർട്ട് അസ്സി: കമ്മീഷണർ ഷാജിയുടെ നിർദ്ദേശപ്രകാരം ഫോർട്ട് എസ്.എച്ച്.ഒ രാകേഷ്.ജെ, എസ്.ഐ സജു എബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത വിഷ്ണു (29), ശരവണൻ (38)

# വീട്ടിൽ അതിക്രമിച്ച് കയറി ആക്രമണം നടത്തിയ കേസ്സിൽ ഒരാൾ അറസ്റ്റിൽ

തിരുവനന്തപുരം:- പേട്ട പുതുമന ലെയിനിലെ യുവാവിന്റെ വീട്ടിൽ അതിക്രമിച്ച കയറി ആക്രമണം നടത്തിയ രണ്ടംഗ സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ശ്രീകണ്ഠേശ്വരം പനങ്ങോട്ടുവിളാകം വീട്ടിൽ പല്ലൻ സജീവ് എന്ന് വിളിക്കുന്ന സജീവ് (33)-നെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.

ജൂലൈ 19-നാണ് ആക്രമണം നടന്നത്. രാത്രി 11.30 മണിയോടെ സജീവും കൂട്ടാളിയായ സനലും ചേർന്ന് പേട്ട പുതുമന ലെയിനിലെ അഖിലിന്റെ വീട്ടുവളപ്പിൽ അതിക്രമിച്ച് കയറി ബഹളം വച്ചസമയം വാതിൽ തുറന്ന് നോക്കിയ അഖിലിന്റെ നേർക്ക് വാൾ കൊണ്ട് വെട്ടാൻ ശ്രമിച്ചപ്പോൾ അഖിൽ ഒഴിഞ്ഞു മാറി അകത്ത് കയറി കതക് അടച്ചസമയം പ്രതികൾ ചുടുകല്ല് കൊണ്ട് ചുമരിലും മറ്റും എറിഞ്ഞും ബോംബ് എറിഞ്ഞ് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും ഭീകരാന്തരീക്ഷം ഉണ്ടാക്കി കടന്ന് കളയുകയായിരുന്നു. പ്രതികൾക്ക് കഞ്ചാവ് വിൽപ്പന ഉണ്ടെന്ന് പോലീസിന് വിവരം നൽകിയെന്ന് ആരോപിച്ചാണ് ആക്രമണം നടത്തിയത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ അന്വേഷിച്ച വരവെ, ശംഖുമുഖം അസ്സി: കമ്മീഷണർ ഡി.കെ.പൃഥ്വിരാജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പേട്ട എസ്.എച്ച്.ഒ ബിനുകുമാർ, എസ്.ഐ രതീഷ്, സി.പി.ഒ-മാരായ ബിജു, ജയദേവൻ, രഞ്ജിത് എന്നിവരടങ്ങിയ സംഘമാണ് പ്രതി


പേട്ട പോലീസ് അറസ്റ്റ് ചെയ്ത
സജീവ് (33)

സജീവിനെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. 2012-ൽ ഗുണ്ടാ നിയമപ്രകാരം കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുള്ള ഇയാൾക്കെതിരെ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ 18 കേസ്സും, പേട്ടയിൽ 2 കേസ്സും ഉൾപ്പെടെ 20 കേസ്സുകൾ നിലവിലുണ്ട്. ഒളിവിൽ കഴിയുന്ന രണ്ടാം പ്രതിയെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമാക്കിയതായി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
31-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി